കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വരവൂർ ഗ്രാമപഞ്ചായത്ത്

2016-17

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ട സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി5)1432/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680 020
Email: dotsr.ksad@kerala.gov.in
തീയതി:13.09.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി) മുഖേന

വരവൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വരവൂർ ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വരവൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ടി.എസ്.ആർ(പി5)1432/2017 തിയ്യതി:13.09.2017

## തൃശ്ശൂർ ജില്ലയിലെ വരവൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വരവൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.12.2016 മുതൽ 22.08.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്,1.4.16 മുതൽ 31.3.17 വരെയുള്ള കാലയളവിലെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.യു.ചേക്കുട്ടി,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23.08.17 മുതൽ 30.08.17 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സാബു.പി.എസ്.<br>ഓഡിറ്റ്ഓഫീസർ.(ഹ.ഗ്രേ) |
| | കെ.എം.ഷാജിത.<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.രാജിഷ.ആർ,ഓഡിറ്റർ |
| | ശ്രീ.ബിജേഷ്.എ.എസ്,ഓഡിറ്റർ |

ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ.കെ.ബാബു | 01.04.2016മുതൽ<br>31.03.2017 വരെ |
| സെക്രട്ടറി | ശ്രീമതി.എം.എസ്.അംബിക (സെക്രട്ടറിയുടെ പൂർണ്ണ അധിക ചുമതല) | 01.04.2016മുതൽ<br>21.12.2016 വരെ |
| | ശ്രീമതി.എം.രാജേശ്വരി | 22.12.2016മുതൽ<br>31.03.2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ:-

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.എം.എസ്.അംബിക | 01.04.2016മുതൽ<br>30.12.2016 വരെ |
| | ശ്രീമതി.ഗ്രേസി.കെ.കെ | 31.12.2016മുതൽ<br>31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.പി.കെ.രാജലക്ഷ്മി | 01.04.2016മുതൽ<br>25.01.2017 വരെ |
| | നയൻതാര.എം.കെ | 26.01.2017മുതൽ<br>31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.രാജലക്ഷ്മി രാധാകൃഷ്ണൻ | 01.04.2016മുതൽ<br>31.03.2017 വരെ |
| മെഡിക്കൽഓഫീസർ,പി.എച്ച്.സി | ഡോ.രേഖ.എൻ | 01.04.2016മുതൽ<br>31.03.2017 വരെ |
| മെഡിക്കൽഓഫീസർ,ആയുർവേദം | ഡോ. ധന്യ | 01.04.2016മുതൽ<br>05.08.2016 വരെ |
| | ഡോ.ജിഷ ജേക്കബ് | 05.08.2016 മുതൽ<br>31.03.2017വരെ |
| മെഡിക്കൽഓഫീസർ,ഹോമിയോ | ഡോ.സ്റ്റീഫൻ ജോസ് | 01.04.2016മുതൽ<br>31.03.2017 വരെ |
| വി.ഇ.ഒ | ശ്രീ.ഷാജു.എം.എ<br>(തളി സർക്കിൾ) | 01.04.2016മുതൽ<br>06.06.2016 വരെ |
| | രഞ്ജിനി.എൻ<br>(തളി സർക്കിൾ) | 06.06.2016മുതൽ<br>31.03.2017 വരെ |
| | ഹസീന.എം.എ<br>(വരവൂർ സർക്കിൾ) | 01.04.2016മുതൽ<br>31.03.2017 വരെ |
| ഐ.സിഡിഎസ്.സൂപ്പർവൈസർ | ശ്രീമതി.കോമളവല്ലി | 01.04.2016മുതൽ<br>31.03.2017 വരെ |
| ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്, കൊണ്ടയൂർ | ശ്രീമതി മേരികുട്ടി അഗസ്റ്റിൻ | 01.04.2016മുതൽ<br>31.03.2017 വരെ |
| അസിസ്റ്റന്റ് എൻജിനിയർ | ശ്രീമതി.ശ്രീന.സി.എൻ | 01.04.2016മുതൽ<br>31.03.2017 വരെ |

<u>ഉള്ളടക്കം</u>

| ക്രമ | ഭാഗം 1 | ഖണ്ഡിക |
|---|---|---|

| നം. | | നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം2 | |
| 12 | വസ്തുനികുതി -അപാകതകൾ | 2-1 |
| 13 | റഗുലറൈസേഷൻ ഫീ കുറവായി ഈടാക്കി | 2-2 |
| 14 | മൊബൈൽ ടവർ വസ്തുനികുതി കുടിശ്ശിക ഈടാക്കിയില്ല | 2-3 |
| 15 | ഐഡിയ മൊബൈൽ ടവർ അനധികൃതമായി പ്രവർത്തിക്കുന്നു | 2-4 |
| 16 | വസ്തുനികുതി നിർണ്ണയം-മേഖലാടിസ്ഥാനത്തിൽ ഇളവ് അനുവദിച്ചത്-കുറവായി നികുതി നിർണ്ണയിച്ചു | 2-5 |
| 17 | വരവിനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളിലെ അപാകതകൾ | 2-6 |
| 18 | പഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല | 2-7 |
| 19 | ഡി & ഒ ലൈസൻസ് - മലിനീകരണ നിയന്ത്രണ സാക്ഷ്യപത്രം ഉൾപ്പെടുത്തിയില്ല | 2-8 |
| 20 | ടെണ്ടർഫോമിന്റെ വില പഞ്ചായത്തിന് ലഭ്യമായില്ല | 2-9 |
| | ഭാഗം 3 | |
| 21 | പി.എം.എ.വൈ അധികവിഹിതം നൽകൽ-അധികതുക അനുവദിച്ചത് തിരികെ ഈടാക്കേണ്ടതാണ് | 3-1 |
| 22 | ഷീ പാഡ് പദ്ധതി-അഡ്വാൻസ് തുക നൽകിയതിനുശേഷം പ്രൊജക്ട് | 3-2 |

| | | |
|---|---|---|
| | ഉപേക്ഷിച്ചു | |
| 23 | എസ്.എസ്.എ-അധികമായി അടവാക്കിയ തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-3 |
| 24 | സാക്ഷരതാ തുടർവിദ്യാഭ്യാസം-രേഖകൾ ഹാജരാക്കിയില്ല | 3-4 |
| 25 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ ലഭിച്ചിട്ടില്ല | 3-5 |
| 26 | മെഡിക്കൽ ഓഫീസർ,പ്രാഥമികാരോഗ്യകേന്ദ്രം,വരവൂർ നിർവ്വഹണം നടത്തിയ മരുന്നു വാങ്ങൽ പ്രൊജക്ട് -മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല | 3-6 |
| 27 | കോസ്റ്റ് ഫോർഡിൽ നിന്നും തുക ലഭ്യമാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ് | 3-7 |
| 28 | വിനിയോഗശേഷം തിരികെ ലഭിച്ച തുക തനത്ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു | 3-8 |
| 29 | 2016-17 ൽ പഞ്ചായത്ത് 89 ലക്ഷത്തോളം രൂപ ലാപ്സാക്കി | 3-9 |
| 30 | ഫണ്ട് ട്രാൻസ്ഫർ-യഥാർത്ഥ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക കൈമാറിയതിന്റെ രേഖകകളില്ല | 3-10 |
| 31 | സംയുക്ത പ്രൊജക്ടിന് ലഭിച്ചതിൽ ബാക്കിയുള്ള തുക തിരിച്ചടച്ചില്ല | 3-11 |
| 32 | ഇടപാടുകളില്ലാത്ത അക്കൗണ്ടുകളിൽ തുക ബാക്കി നിൽക്കുന്നു | 3-12 |
| 33 | പൊതുമരാമത്ത് മേഖല- വകയിരുത്തിയ ഫണ്ട് പൂർണ്ണമായി വിനിയോഗിക്കാനായില്ല | 3-13 |
| 34 | ഒരു പ്രൊജക്ടിലെ നിർവ്വഹിക്കാത്ത ഇനങ്ങൾക്കായി പുതിയ പ്രൊജക്ട് തയ്യാറാക്കി | 3-14 |
| 35 | എസ്റ്റിമേറ്റ് പോലും ലഭിക്കാതെ ഭൂജലവകുപ്പിൽ തുക നിക്ഷേപിച്ചു | 3-15 |
| 36 | എ.ബി.സി പദ്ധതി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 3-16 |
| 37 | സേവനനികുതി അടവാക്കിയില്ല | 3-17 |
| 38 | ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ-അംഗീകാരം ലഭ്യമാക്കേണ്ടതാണ്. | 3-18 |

| | | |
|---|---|---|
| 39 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 3-19 |
| 40 | ആശ്രയ-അവലോകനം | 3-20 |
| | ഭാഗം 4 | |
| 41 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 42 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 43 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 44 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 45 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 46 | ഓഡിറ്റ് റിക്കവറി | 4-6 |
| 47 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 48 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 49 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 50 | ഓഡിറ്റ് സർട്ടിഫിക്കറ്റ്, അനുബന്ധം 1 | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016- 17 വർഷത്തെ ബജറ്റ് 22.03.2016 തിയതിയിലെ 24/2016 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 21.03.2017 ലെ തീരുമാനം നമ്പർ 1 അനുസരിച്ച് ബജറ്റ് പുതുക്കുകയും അതു പ്രകാരം ആകെ വരവ് 116631882 ഉം ആകെ ചെലവ് 114458351 ഉം ആണ്

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2017 | 30.07.2017 |

## 1-3 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

വരവൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷികധനകാര്യപത്രികയിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. B-4 ഷെഡ്യൂൾ പ്രകാരം സ്റ്റോക്ക് ഇനത്തിൽ നീക്കിയിരിപ്പില്ല. എന്നാൽ വാർഷിക സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

2.നാളിതുവരെയുള്ള ആസ്തി തിട്ടപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. തൊഴിൽ നികുതിയുടെ(ട്രേഡേഴ്സ്) ഡിമാന്റ് രജിസ്റ്ററുകളിൽ വാർഷികസംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല.

4. ഇൻകം& എക്സ്പെൻഡിച്ചർ പത്രികയിൽ NREGS ന്റെ വരവ് ചെലവ് തുകകളിൽ അഡ്മിനിസ്ട്രേറ്റീവ് ചെലവുകളിൽ ഇരട്ടിപ്പ് വന്നിട്ടുണ്ട്.

5.പാർട്ട് ബിൽ പ്രകാരം പൊതുമരാമത്ത് പ്രവൃത്തികൾക്ക് പണം നൽകിയിട്ടുണ്ടെങ്കിലും ആയത് കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ആയി വാർഷികകണക്കിൽ ചേർത്തിട്ടില്ല.

6.ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിലേക്ക് 300000 രൂപയും വാട്ടർ അതോറിറ്റിയിലേക്ക് 250000 രൂപയും തൻവർഷം ഡെപ്പോസിറ്റ് പ്രവൃത്തിയിനത്തിൽ അടവാക്കിയിട്ടുണ്ടെങ്കിലും ഈ തുക ബാലൻസ് ഷീറ്റിൽ അഡ്വാൻസായി കാണിച്ചിട്ടില്ല.

7. വാർഷിക കണക്കിന്റെ B-14 ഷെഡ്യൂൾ പ്രകാരം ഇൻവെസ്റ്റ്മെന്റ് -ഇക്വിറ്റി ഷെയർ ഇനത്തിൽ 221142 രൂപ കാണിച്ചിട്ടുണ്ട്. എന്നാൽ ഈ തുക ബി.ആർ.സി. ക്ക് കൈമാറിയ തുകയാണ്.

(ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7191108 |
| വരവ് | 46706133 |
| ആകെ | 53897241 |
| ചെലവ് | 42873279 |
| നീക്കിയിരിപ്പ് | 11023962 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (40 b ) പ്രകാരം |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 8369819 | 8369819 | 8369819 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3600672 | 3600672 | 3600672 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 2241 | 2241 | 2241 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 8529097 | 8529097 | 8529097 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2410363 | 2410363 | 2410363 | 0 |

| | | | | | |
|---|---|---|---|---|---|
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 4058083 | 4058083 | 4058083 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 1464878 | 1464878 | 1464878 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | 0 | 28341000 | 28341000 | 28341000 | 0 |
| ബി ഫണ്ട് | 0 | 891624 | 891624 | 891624 | 0 |

# 1-6 പദ്ധതി അവലോകനം.

2016-17 ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 126 | 45172493 | 95 | 32191249 | 5 | 26 | 75 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 107 % വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1178748 | 2545541 | 1366793 | 115(+) |
| നികുതിയേതര വരവുകൾ | 342239 | 770909 | 428670 | 125(+) |
| മറ്റുവരവുകൾ | 137002 | 119665 | 17337 | 12.65(+) |
| ആകെ | 1657989 | 3436115 | 1778126 | 107(+) |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 323160 | 192 |
| കർഷകതൊഴിലാളി പെൻഷൻ | 5248930 | 525 |

| | | |
|---|---|---|
| വിധവാപെൻഷൻ | 13968470 | 1135 |
| വാർദ്ധക്യകാലപെൻഷൻ | 10912095 | 1120 |
| വികലാംഗപെൻഷൻ | 2762025 | 284 |
| അവിവാഹിതരായ 50 വയസ്സ കഴിഞ്ഞവർക്കുള്ള പെൻഷൻ | 1062930 | 95 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 150000 | 5 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.08.2017 തീയതിയിൽ 3 pm- ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6222/- (ആറായിരത്തി ഇരുന്നൂറ്റി ഇരുപത്തിരണ്ട രൂപ മാത്രം) നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

വരവൂർ ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം തൃപ്തികരമാണ്. രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കാനം രേഖപ്പെടുത്തലുകൾ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി വക്കാനം ശ്രദ്ധിക്കേണ്ടതാണ്. ഫയലുകളിലും മറ്റും യഥാസമയം നടപടി എടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ആസ്തിരജിസ്റ്ററുകൾ സാംഖ്യയുമായി ലിങ്ക് ചെയ്തിട്ടില്ല. പഞ്ചായത്തിന്റെ നികുതി/നികുതിയേതര വരുമാനം വർദ്ധിപ്പിക്കാനം നികുതി പിരിച്ചെടുക്കുന്നതിലെ കാലതാമസം ഒഴിവാക്കി തനതു വരുമാനം വർദ്ധിപ്പിക്കാനുമുള്ള ശ്രമം പഞ്ചായത്ത് കൈക്കൊള്ളേണ്ടതാണ്. തനതുവരുമാനം വർദ്ധിപ്പിക്കാൻ ബൈലോ തയ്യാറാക്കി പരസ്യ നികുതി പിരിച്ചെടുക്കാനം നികുതിനികുതിയേതര വരുമാനം പൂർണ്ണമായും പിരിച്ചെടുക്കാനം ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| *ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.092016,28.09.2016 | 08/2016 | 31.10.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.06.2009 മുതൽ 09.07.2009 വരെ | 2004-05മുതൽ 2008-09 വരെ | 10.08.2009 |

# ഭാഗം-2

# വരവ്യ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി-അപാകതകൾ

വരവൂർ ഗ്രാമപഞ്ചായത്തിൽ വസ്തുനികുതിയുമായി ബന്ധപ്പെട്ട് സാംഖ്യ സഞ്ചയ ഇന്റഗ്രേഷൻ പൂർത്തീകരിച്ചിട്ടുള്ളതാണ്. എന്നാൽ വസ്തുനികുതിയുടെ സഞ്ചയയിൽ നിന്നും ലഭ്യമാക്കിയ ഡിസിബി റിപ്പോർട്ട് പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1.2016-17 ൽ വസ്തുനികുതി നിർണ്ണയിച്ച താഴെ പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി സാംഖ്യയിൽ ഈടാക്കിയിട്ടുണ്ടെങ്കിലും ഡിസിബി റിപ്പോർട്ടിൽ കളക്ഷൻ അടവാക്കിയതായി രേഖപ്പെടുത്തിയിട്ടില്ല.

Xiv/275A,II/22A,IX/66B,IX/165 A

കുടിശ്ശിക അടവാക്കാനുള്ളതായാണ് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

2.ഡിമാന്റ് രജിസ്റ്ററിൽ ചേർത്തിട്ടില്ല

2016-17 ൽ വസ്തുനികുതി നിർണ്ണയിച്ച viii/313A എന്ന കെട്ടിടം (രാജലക്ഷ്മി,ചുള്ളിക്കാട്ടിൽ)സഞ്ചയ ഡിസിബി റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടില്ല.

3.അസസ്മെന്റ് രജിസ്റ്റർ പ്രകാരം വസ്തുനികുതി ഒഴിവാക്കി നൽകിയ 8/91A (58 m2)എന്ന കെട്ടിടം സഞ്ചയ റിപ്പോർട്ടിൽ ഡിമാന്റ് ചെയ്ത് തുക അടവാക്കിയതായി രേഖപ്പെടുത്തിയിരിക്കുന്നു.

4.ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 15/3/17 ലെ തീരുമാനം 7(1) പ്രകാരം 12/92 കെട്ടിടം പൊളിച്ചുമാറ്റിയതിനാൽ നികുതി ഒഴിവാക്കി നൽകാൻ തീരുമാനിച്ചിട്ടുണ്ട്.തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി കുടിശ്ശിക പൂർണ്ണമായി ഈടാക്കിയതായി കാണുന്നില്ല.

5.ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 23/6/16ലെ തീരുമാനം 3(2)പ്രകാരം ഇബ്രാഹിം, കുന്നത്തുപീടികയിൽ എന്നവരുടെ 11/56A മുതൽ 56G വരെയുള്ള കെട്ടിടങ്ങൾക്ക് വേക്കൻസി റമിഷൻ അനുവദിച്ചിട്ടുണ്ട്. എന്നാൽ 11/56A കെട്ടിടത്തിൽ 2016-17 ലെ ഡി.ആന്റ് ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം ബിൽഡിംഗ് മെറ്റീരിയൽസ് വിൽപന നടത്തുന്നതിന് ലൈസൻസ് അനുവദിച്ചതായി കാണുന്നു. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ 23/6/16ലെ തീരുമാനം 3(2) പുന:പരിശോധിച്ച് കെട്ടിട ഉടമകൾ അനർഹമായി വസ്തുനികുതി ഇളവ് നേടിയിട്ടുണ്ടെങ്കിൽ ആയത് റദ്ദുചെയ്ത് വസ്തുനികുതി കുടിശ്ശികസഹിതം ഈടാക്കേണ്ടതാണ്.

## 2-2 റഗുലറൈസേഷൻ ഫീ കുറവായി ഈടാക്കി

കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം134 ഉപചട്ടം2,3,4 എന്നിവയിൽ ക്രമവത്ക്കരണത്തിനുള്ള അപേക്ഷയുടെ തീർപ്പാക്കൽ നടപടിക്രമം ഒരു പുതിയ പെർമിറ്റിനുള്ള അപേക്ഷയുടെ കാര്യത്തിലെന്നപോലെയായിരിക്കണമെന്ന വ്യവസ്ഥ ചെയ്യുന്നു. ആയതിന്റെ ക്രമവൽക്കരിക്കേണ്ട അപേക്ഷയുടെ കാര്യത്തിൽ രാജിയാക്കൽ ഫീസിനോടൊപ്പം പെർമിറ്റ് ഫീ കൂടി ഈടാക്കേണ്ടതാണ്. അതിൽ നിന്നും വ്യത്യസ്തമായി പെർമിറ്റ് എടുക്കാതെ കെട്ടിടം പണിത കെട്ടിട ഉടമകളിൽ നിന്നും രാജിയാക്കൽ ഫീ മാത്രമാണ് ഈടാക്കിയിട്ടുള്ളത്.

| കെട്ടിട ഉടമ,കെട്ടിടനം/വസ്തു നികുതി നിർണ്ണയിച്ച തീയതി | കെട്ടിടത്തിന്റെ തറവിസ്തീർണ്ണം | ഈടാക്കിയ ഫീ | ഈടാ ക്കേണ്ടത് | കുറവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| മുഹമ്മദ്കുട്ടി,തോട്ടുമൂച്ചിക്കൽ<br>3/241A/17.10.2016 | 206.54 $m^2$ | 1239/- | 1859/- | 620/- |
| മുഹമ്മദ്,ആനക്കല്ലിങ്ങൽ<br>9/389B/06.06.2016 | 107.04$m^2$ | 642/- | 963/- | 321/- |
| വിജയൻ,കാലടി<br>8/297A/22.10.2016 | 113.25$m^2$ | 680/- | 1019/- | 339/- |
| | | | ആകെ | 1280/- |

കുറവായി ഈടാക്കിയ തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 മൊബൈൽ ടവർ വസ്തുനികുതി കുടിശ്ശിക ഈടാക്കിയില്ല

വരവൂർ ഗ്രാമപഞ്ചായത്തിൽ 9/330 കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മൊബൈൽ ടവറിന്റെ വസ്തുനികുതി വർഷത്തിൽ 3990/- രൂപയായി നിർണ്ണയിച്ചിട്ടുണ്ട്. ആയതിന്റെ കുടിശ്ശിക തുക 2016-17 വരെ 19950/- രൂപ വസ്തുനികുതിയും ലൈബ്രറിസെസും അടവാക്കാൻ അവശേഷിക്കുന്നു. കുടിശ്ശിക തുക ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 ഐഡിയ മൊബൈൽ ടവർ അനധികൃതമായി പ്രവർത്തിക്കുന്നു

വരവൂർ ഗ്രാമപഞ്ചായത്ത് തിച്ചൂർ വില്ലേജ് 61/4 സർവ്വേ നമ്പർ സൈതലവി എന്ന വ്യക്തിയുടെ ഭൂമിയിൽ കെ.എൻ.അനിൽകുമാർ എന്ന ഇൻഡസ് ടവർ ഓണറുടെ പേരിൽ ഒരു മൊബൈൽ ടവർ വർഷങ്ങളായി അനധികൃതമായി പ്രവർത്തിച്ചുവരുന്നതായി കാണുന്നു. ഈ ടവർ ക്രമവൽക്കരിക്കുന്നതിന്റെ ഭാഗമായി ഇപ്പോഴുള്ള നിർമ്മാണത്തിൽ 2011-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരം താഴെ കാണുന്ന അപാകതകൾ ഉണ്ടെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്:

1. വൈദ്യുതി ലൈനുകളിൽ നിന്നുള്ള അകലം കാണിച്ചുകൊണ്ടുള്ള വിവരങ്ങൾ പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ല.

2. ചട്ടം 123(1) പ്രകാരമുള്ള സുരക്ഷാഗ്രിൽ പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ല.

3. ചട്ടം 124 പ്രകാരമുള്ള ലൈറ്റനിംഗ് അറസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ല.

4. ചട്ടം 126 പ്രകാരമുള്ള നാശനഷ്ടവും ബാധ്യതയും തന്റെ ഉത്തരവാദിത്തത്തിലാണെന്ന സർട്ടിഫിക്കറ്റ് ടവർ ഉടമസ്ഥൻ ഫയലിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

മേൽ കാണുന്ന അപാകതകൾ പരിഹരിച്ചുകൊണ്ട് പുതിയ അപേക്ഷ സമർപ്പിക്കാൻ പഞ്ചായത്ത് സെക്രട്ടറി 17/02/2017-ന് കത്തിലൂടെ ആവശ്യപ്പെട്ടതായി കാണുന്നു. എന്നാൽ നാളിതുവരെയായി ടവർ ഉടമസ്ഥൻ അപേക്ഷ സമർപ്പിക്കുകയോ, പഞ്ചായത്ത് അനന്തരനടപടികളിലേക്ക് കടക്കുകയോ ചെയ്തിട്ടില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 235 W വകുപ്പ് പ്രകാരം നിയമവിരുദ്ധമായി പൂർത്തീകരിക്കുകയും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതുമായ കെട്ടിടത്തിന്റെ (മൊബൈൽ ടവർ ഈ വിഭാഗത്തിൽ വരുന്നതാണ്) പണി പൊളിച്ചു കളയാനോ മാറ്റം വരുത്താനോ സെക്രട്ടറിക്ക് അധികാരമുണ്ട്.

## 2-5 വസ്തുനികുതി നിർണ്ണയം-മേഖലാടിസ്ഥാനത്തിൽ ഇളവ് അനുവദിച്ചത്-കുറവായി നികുതി നിർണ്ണയിച്ചു

വരവൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 11.10.11 ലെ തീരുമാനപ്രകാരം ഗ്രാമപഞ്ചായത്തിനെ പ്രാഥമികമേഖല, ദ്വിതീയമേഖല, തൃതീയമേഖലകളായി തിരിച്ചിട്ടുണ്ട്. ആയതിൽ PWD റോഡിലേക്ക് നേരിട്ട് പ്രവേശിക്കാവുന്ന കെട്ടിടങ്ങൾ ഉൾപ്പെടുന്ന പ്രദേശത്തെ പ്രാഥമികമേഖലയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

2016-17 സാമ്പത്തികവർഷം സജീഷ് & ജിഷ, തേറമംഗലത്ത് ഹൗസ് എന്നവരുടെ വാണിജ്യകെട്ടിടത്തിന് 23.5.16 ൽ വസ്തുനികുതി നിർണ്ണയിച്ച് 13/226B മുതൽ 13/226K വരെയുള്ള കെട്ടിടനമ്പർ അനുവദിച്ചിട്ടുണ്ട്. വസ്തുനികുതി നിർണ്ണയഫയലിൽ ഫോറം 6 ൽ നെല്ലുവായ് -പട്ടാമ്പി റോഡ് എന്ന് രേഖപ്പെടുത്തിയതിൽ തൃതീയമേഖല എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സൈറ്റ് പ്ലാനിൽ കെട്ടിടത്തിന്റെ പ്ലോട്ട് PWD റോഡിനോട് ചേർന്ന കിടക്കുന്നതായാണ് കാണിച്ചിട്ടുള്ളത്. ആയതു പ്രകാരം മേൽ കെട്ടിടം പ്രാഥമികമേഖലയിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു. പ്രാഥമികമേഖലയിൽ ഉൾപ്പെടുത്താതെ തൃതീയമേഖലയിൽ ഉൾപ്പെടുത്തിയതു വഴി വസ്തുനികുതി നിർണ്ണയിച്ചതിൽ കുറവു വന്നതിന്റെ വിവരം താഴെ കൊടുക്കുന്നു.

| കെട്ടിടനം | തറ വിസ്തീർണ്ണം | തൃതീയമേഖലയിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിച്ചത് | പ്രാഥമികമേഖലയിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയിക്കേണ്ടത് | വ്യത്യാസം |
|---|---|---|---|---|
| 13/226B,C,D,E | 15.1M2 | കെട്ടിടത്തിന്റെ തറവിസ്തീർണ്ണംx അടിസ്ഥാനവസ്തുനികുതി നിരക്ക് 15.1x50=755 മേഖലാടിസ്ഥാനത്തിലുള്ള 20% ഇളവ് =150 വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 20% വർദ്ധനവ് =150 ആകെ-755/- ലൈബ്രറിസെസ്-38/- | കെട്ടിടത്തിന്റെ തറവിസ്തീർണ്ണംx അടിസ്ഥാനവസ്തുനികുതി നിരക്ക് 15.1x50=755 മേഖലാടിസ്ഥാനത്തിലുള്ള വർദ്ധനവ്/ഇളവ്=ഇല്ല വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 20% വർദ്ധനവ് = 150 ആകെ-905/- ലൈബ്രറിസെസ്-45/- | വസ്തുനികുതി- 905-755=150 150x4=600 ലൈബ്രറി സെസ്-45-38=7 7x4=28 |
| 13/226 F,G,H,I,J | 15.1 M2 | കെട്ടിടത്തിന്റെ തറവിസ്തീർണ്ണംx അടിസ്ഥാനവസ്തുനികുതി നിരക്ക് 15.1x50=755 മേഖലാടിസ്ഥാനത്തിലുള്ള 20% ഇളവ്=150 വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 20% വർദ്ധനവ്=150 ഒന്നാം നിലയ്ക്കുള്ള 5% ഇളവ്-37/- ആകെ-755-37=718/- ലൈബ്രറിസെസ്-36/- | കെട്ടിടത്തിന്റെ തറവിസ്തീർണ്ണംx അടിസ്ഥാനവസ്തുനികുതി നിരക്ക് 15.1x50=755 മേഖലാടിസ്ഥാനത്തിലുള്ള വർദ്ധനവ്/ഇളവ്=ഇല്ല വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 20% വർദ്ധനവ്=150 ഒന്നാം നിലയ്ക്കുള്ള 5% ഇളവ്-37/- ആകെ-905-37=868 ലൈബ്രറിസെസ്-43/- | വസ്തുനികുതി- 868-718=150 150x4=600 ലൈബ്രറി സെസ്-43-36=7 7x4=28 |

| | | | | |
|---|---|---|---|---|
| 13/226K | 93.71 M2 | കെട്ടിടത്തിന്റെ തറവിസ്തീർണ്ണംx അടിസ്ഥാനവസ്തു നികുതി നിരക്ക് 93.71x50=4686 മേഖലാടിസ്ഥാനത്തിലുള്ള 20% ഇളവ്=937 വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 20% വർദ്ധനവ്=937 ആകെ-4686 ലൈബ്രറിസെസ്-234 | കെട്ടിടത്തിന്റെ തറവിസ്തീർണ്ണംx അടിസ്ഥാനവസ്തു നികുതി നിരക്ക് 93.71x50=4686 മേഖലാടിസ്ഥാനത്തിലുള്ള വർദ്ധനവ്/ഇളവ്=ഇല്ല വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 20% വർദ്ധനവ്=937 ആകെ-4686+937=5623 ലൈബ്രറിസെസ്-281/- | വസ്തുനികുതി-5623-4686=937 ലൈബ്രറി സെസ്-281-234=47 |
| | | | | വസ്തുനികുതി-2137/- ലൈബ്രറിസെസ്-103/- |

കുറവായി നിർണ്ണയിച്ച വസ്തുനികുതി ഈടാക്കേണ്ടതും, ഡിമാന്റ് പുനർനിർണ്ണയിക്കേണ്ടതുമാണ്.

## 2-6 വരവിനങ്ങളുമായി ബന്ധപ്പെട്ട രജിസ്റ്ററുകളിലെ അപാകതകൾ

വരവിനങ്ങളുടെ പരിശോധനയിൽ അവയുടെ രജിസ്റ്ററുകളുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. സ്ഥാപനങ്ങളുടെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഒരു പ്രത്യേക രജിസ്റ്ററോ, ഡിമാന്റ്-കളക്ഷൻ-ബാലൻസ് സ്റ്റേറ്റ്മെന്റോ സൂക്ഷിക്കുന്നില്ല.

2. ബിൽഡിംഗ് പെർമിറ്റ് ക്രമവൽക്കരണവുമായി ബന്ധപ്പെട്ട രജിസ്റ്ററിൽ ഉള്ള പല രേഖകൾക്കും വ്യക്തതയില്ല. ബിൽഡിംഗിന്റെ ക്രമവൽക്കരിക്കപ്പെട്ട വിസ്തീർണ്ണം, ബിൽഡിംഗിന്റെ തരം എന്നിവ രേഖപ്പെടുത്തേണ്ടതാകുന്നു.

3. ലേലം പോലെയുള്ള മറ്റു വരവിനങ്ങളുടെ മുഴുവൻ ഫയലുകളും, രജിസ്റ്ററും സൂക്ഷിക്കേണ്ടതാകുന്നു.

## 2-7 പഞ്ചായത്ത് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

പഞ്ചായത്തിനു കീഴിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജിജേഷ് (ക്ലർക്ക്), അബ്ദുൾ ഖാദർ (ഡ്രൈവർ) എന്നിവർ ഒരു അർദ്ധവർഷത്തിൽ 60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്തവരും, പഞ്ചായത്തിൽ നിന്നും ശമ്പളം പറ്റിയവരുമാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് പ്രകാരം ഇവർ തൊഴിൽ നികുതിയുടെ പരിധിയിൽ വരുന്നവരാണ്.

ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ക്ലർക്കിന്റെ 2016 ഒക്ടോബർ മുതൽ 2017 മാർച്ച് വരെയുള്ള ആകെ കൈപ്പറ്റിയ ശമ്പളം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | മാസം | കൈപ്പറ്റിയ വേതനം |
|---|---|---|

| | | |
|---|---|---|
| 1 | ഒക്ടോബർ | 11200 |
| 2 | നവംബർ | 16100 |
| 3 | ഡിസംബർ | 16200 |
| 4 | ജനുവരി | 15525 |
| 5 | ഫെബ്രുവരി | 12150 |
| 6 | മാർച്ച് | 16200 |
| | ആകെ | 87375 |

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം മേൽപ്പറഞ്ഞ വരുമാനപരിധിയിൽ വരുന്ന ജീവനക്കാരൻ അർദ്ധവർഷത്തേക്ക് പരമാവധി 750 രൂപ തൊഴിൽ നികുതി അടക്കേണ്ടതുണ്ട്. ഇതുപോലെ ഏപ്രിൽ – സെപ്റ്റംബർ, ഒക്ടോബർ –മാർച്ച് അർദ്ധവർഷങ്ങളിലെ വരുമാനം കൃത്യമായി കണക്കാക്കി അതിനനുസൃതമായി ഈ രണ്ടു പേരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 2-8 ഡി & ഒ ലൈസൻസ് - മലിനീകരണ നിയന്ത്രണ സാക്ഷ്യപത്രം ഉൾപ്പെടുത്തിയില്ല

ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് അനുവദിച്ചതായി കാണുന്നു. എന്നാൽ ബന്ധപ്പെട്ട ഫയലുകളിൽ മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടില്ല

| ഡി & ഒ രജിസ്റ്റർ ക്രമ നം. | ഉടമയുടെ പേര് | സ്ഥാപനത്തിന്റെ തരം | മറ്റു വിവരങ്ങൾ |
|---|---|---|---|
| 15 | ഇബ്രാഹിം | ഹോളോബ്രിക്സ് നിർമ്മാണം | |
| 21 | റംല | ഹോളോബ്രിക്സ് നിർമ്മാണം | |
| 47 | പി.എം.മുഹമ്മദ് കുട്ടി | മരമില്ല് | കാലാവധി 31-12-2016-ന് കഴിഞ്ഞതായി കാണുന്നു |

മലിനീകരണം ഉണ്ടാക്കുന്ന ഇത്തരം സ്ഥാപനങ്ങൾ നിർബന്ധമായും മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള സാക്ഷ്യപത്രം സൂക്ഷിക്കേണ്ടതും ടി സാക്ഷ്യപത്രത്തിന്റെ കാലാവധി തീരുന്ന മുറക്ക് പുതുക്കേണ്ടതുമാണ്. സാക്ഷ്യപത്രം സമർപ്പിക്കാത്ത പക്ഷം ഇവയ്ക്കുള്ള പ്രവർത്തനാനുമതി റദ്ദാക്കേണ്ടതാകുന്നു.

## 2-9 ടെണ്ടർഫോമിന്റെ വില പഞ്ചായത്തിന് ലഭ്യമായില്ല

ഗ്രാമപഞ്ചായത്ത് ഇ-ടെണ്ടർ നടത്തുമ്പോൾ ടെണ്ടർഫോറത്തിന്റെ വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലേക്കാണ് കരാറുകാർ ഓൺലൈനായി അടവാക്കുന്നത്. ടെണ്ടർ ഫോറത്തിന്റെ വില പഞ്ചായത്തിന്റെ തനത് വരുമാനമായതിനാൽ ഈ തുക പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട് അക്കൗണ്ടിലേക്ക് തിരികെ ലഭിക്കേണ്ടതാണ്.

എന്നാൽ നാളിതുവരെ ടെണ്ടർഫോമിന്റെ വിലയിനത്തിൽ ലഭിക്കേണ്ടിയിരുന്ന തുക ലഭ്യമായിട്ടില്ല. പഞ്ചായത്തിന്റെ തനതു വരുമാനമായ മേൽ തുക എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്തിന് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പി.എം.എ.വൈ അധികവിഹിതം നൽകൽ-അധികതുക അനുവദിച്ചത് തിരികെ ഈടാക്കേണ്ടതാണ്.

നിർവ്വഹണം-അസി.സെക്രട്ടറി

പ്രൊജക്ട്- PMAY അധികവിഹിതം ബ്ലോക്കിന് നൽകൽ (52/17)

ട്രഷറി ബിൽ നം-1/25.2.17 തുക-80000/-

വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 6.1.17 ലെ നം.D312/16 കത്തു പ്രകാരം PMAY എസ്.സി ഗുണഭോക്താക്കളുടെ ടാർജറ്റ് 4 പേരാണ് എന്ന് അറിയിച്ചിട്ടുണ്ട്. 4 പേർക്കുള്ള അധികവിഹിതമിനത്തിൽ 20000/- രൂപ വീതം 80000/- രൂപ അക്കൗണ്ട് ട്രാൻസ്ഫർ മുഖേന ബ്ലോക്ക് പഞ്ചായത്തിന്റെ 67318757861 നം.അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ എസ്.സി വിഭാഗത്തിലെ 2 ഗുണഭോക്താക്കൾ മാത്രമേ ഭവനനിർമ്മാണത്തിന് കരാർ ഉടമ്പടിയിൽ ഏർപ്പെട്ടിട്ടുള്ളൂ. ഭവനനിർമ്മാണത്തിന് കരാറിലേർപ്പെടാത്ത ഗുണഭോക്താക്കൾക്കു വേണ്ടി അധികമായി അനുവദിച്ച തുക തിരികെ ഈടാക്കേണ്ടതാണ്.

## 3-2 ഷീ പാഡ് പദ്ധതി-അഡ്വാൻസ് തുക നൽകിയതിനുശേഷം പ്രൊജക്ട് ഉപേക്ഷിച്ചു.

നിർവ്വഹണം-ഹെഡ്മിസ്ട്രസ്.ജി.എൽ.പി.എസ്,വരവൂർ

പ്രൊജക്ട് നം-48/17

ട്രഷറിബിൽനം-1/31.10.16-തുക-88542/-

സ.ഉ.നം.280/16/ത.സ്വ.ഭ.വ തിയതി 25.1.16 പ്രകാരം ഷീ പാഡ് പദ്ധതിക്ക് വിദ്യാർത്ഥികളുടെ എണ്ണത്തിനാനുപാതികമായി തുക വകയിരുത്തുകയും നിശ്ചിതതുകയുടെ 50% അഡ്വാൻസ് ആയി നൽകേണ്ടതുമാണെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ഡിഡി.നം.340362/2.11.16 പ്രകാരം 88542/- രൂപ കേരള സ്റ്റേറ്റ് വനിതാവികസന കോർപ്പറേഷന് അനുവദിച്ചിരുന്നു. എന്നാൽ 2016-17 ൽ പ്രൊജക്ട് നടപ്പാക്കിയില്ല. 9.5.17 ലെ ഭരണസമിതിയുടെ 4(11)/2017 നം.തീരുമാന പ്രകാരം 2017-18 കാലയളവിൽ കുട്ടികളുടെ എണ്ണത്തിൽ മാറ്റം വന്നതിനാൽ പ്രൊജക്ട് ഉപേക്ഷിക്കാനും, അഡ്വാൻസിനത്തിൽ നൽകിയ തുക തിരികെ ഈടാക്കാനും തീരുമാനിച്ചു. എന്നാൽ നാളിതുവരെ തുക തിരികെ ലഭിച്ചിട്ടില്ല. തുക തിരികെ ലഭ്യമാക്കി ട്രഷറിയിൽ അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 എസ്.എസ്.എ-അധികമായി അടവാക്കിയ തുക തിരികെ

ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രൊജക്റ്റ് നം-39/17(എസ്.എസ്.എ )

നിർവ്വഹണോദ്യോഗസ്ഥ-ഹെഡ്മിസ്ട്രസ്,ജി.എൽ.പി.എസ് ,വരവൂർ

ട്രഷറിബിൽനം-2/16-17 തി.29.11.16,തുക-400000/-

2016-17 സാമ്പത്തികവർഷം എസ്.എസ്.എയ്ക്ക് അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ചതായി 24/6/17 ൽ എസ്.എസ്.എ ധനവിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടുണ്ട്.എന്നാൽ സാക്ഷ്യപത്രപ്രകാരം വരവൂർ ഗ്രാമപഞ്ചായത്തിൽഎസ്.എസ്.എ ആകെ ചെലവഴിച്ച തുക 917580/- രൂപയാണ്.ആയതു പ്രകാരം ഗ്രാമപഞ്ചായത്ത് നൽകേണ്ടത് ആകെ ചെലവഴിച്ച തുകയുടെ 35% മാത്രമാണ്.എസ്.എസ്.എയ്ക്ക് നൽകിയ 400000/-രൂപയിൽ 321153/- രൂപ കഴിച്ച് ബാക്കി തുകയായ 78847/-രൂപതിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 സാക്ഷരതാ തുടർവിദ്യാഭ്യാസം-രേഖകൾ ഹാജരാക്കിയില്ല

പ്രൊജക്റ്റ്-140/17

നിർവ്വഹണം-ഹെഡ്മിസ്ട്രസ്.ജി.എൽ.പി.എസ് വരവൂർ

ട്രഷറി ബിൽ നം-5/20.3.17 തുക-36300/-

സാക്ഷരതാ തുടർവിദ്യാഭ്യാസത്തിന്റെ ഭാഗമായി 10 ◌ാം ക്ലാസിലെ 13 പഠിതാക്കളുടെ കോഴ്സ് ഫീ ഒരാൾക്ക് 1500/- രൂപ വീതം 19500/- രൂപ, 12ാംക്ലാസിലെ 4 പഠിതാക്കളുടെ കോഴ്സ് ഫീ ഒരാൾക്ക് 4200/- രൂപ വീതം 16800/- രൂപയും ഉൾപ്പെടെ ആകെ 36300/- രൂപ സാക്ഷരതാമിഷന് അക്കൗണ്ട് ട്രാൻസ്ഫർ മുഖേന നൽകിയിട്ടുണ്ട്. എന്നാൽ പഠിതാക്കളുടെ രജിസ്ട്രേഷൻ, അറ്റൻഡൻസ് രജിസ്റ്റർ, പരീക്ഷ എഴുതിയതിന്റെ ഹാൾടിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടില്ല. ചെലവുരേഖകൾ ഹാജരാക്കുന്നതു വരെ 36300/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-5 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ-മരുന്നുകൾ ലഭിച്ചിട്ടില്ല

പ്രൊജക്റ്റ് നം.-25/17

നിർവ്വഹണം-മെഡിക്കൽ ഓഫീസർ,ഹോമിയോ

ട്രഷറിബിൽനം-1/16-17 തിയതി.23.3.17 തുക-100000/-

ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുവാങ്ങലിനായി ഹോംകോ, ആലപ്പുഴയുടെ 100000/-രൂപയുടെ പ്രൊഫോർമ ഇൻവോയ്സ് നം.PF1408/15.3.17 പ്രകാരം തുക മുൻകൂറായി അക്കൗണ്ട് ട്രാൻസ്ഫർ മുഖേന(അക്കൗണ്ട് നം.34306403911)അനുവദിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയായി മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-6 മെഡിക്കൽ ഓഫീസർ,പ്രാഥമികാരോഗ്യകേന്ദ്രം,വരവൂർ നിർവ്വഹണം നടത്തിയ മരുന്നു വാങ്ങൽ പ്രൊജക്റ്റ് -മരുന്നുകൾ

## പൂർണ്ണമായി ലഭിച്ചില്ല

2016-17 സാമ്പത്തികവർഷം പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന വാങ്ങലിനായി താഴെ പറയും പ്രകാരം തുക കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് അക്കൗണ്ട് ട്രാൻസ്ഫർ മുഖേനഅനുവദിച്ചിട്ടുണ്ട്.(നം.362400180000019)

| പ്രൊജക്ട് | അടവാക്കിയതുക | ലഭ്യമാക്കിയ മരുന്നുകൾ | ബാലൻസ് ലഭിക്കാനുള്ളത് |
|---|---|---|---|
| 43/17-പി.എച്ച്.സിക്ക് മരുന്നും ഉപകരണങ്ങളും | 50000 | - | 50000 |
| 34/17-സാന്ത്വനപരിചരണ പരിപാടി | 100000 | 37313 | 62687 |
| | 150000 | 37313 | 112687 |

മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 കോസ്റ്റ് ഫോർഡിൽ നിന്നും തുക ലഭ്യമാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

2006-07 സാമ്പത്തികവർഷം കോസ്റ്റ് ഫോർഡിന് അഡ്വാൻസായി 400000/-രൂപ അനുവദിച്ചതിൽ (ആവശ്യകത വ്യക്തമല്ല) 200000/- രൂപ ചെക്ക് നം.756105/21.4.16 പ്രകാരം തിരികെ ലഭിച്ചിട്ടുണ്ട്. ബാക്കി ലഭിക്കാനുള്ള 200000/- രൂപ അഡ്വാൻസ് രജിസ്റ്റർ. 2016-17 വാർഷിക കണക്കുകളിലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 എന്നിവയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. തുക തിരികെ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം.7/26.8.17).

## 3-8 വിനിയോഗശേഷം തിരികെ ലഭിച്ച തുക തനത്ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

സമഗ്രകുടിവെള്ള പദ്ധതിക്ക് കേരളവാട്ടർ അതോറിറ്റിയിൽ മുൻവർഷത്തിൽ ഡെപ്പോസിറ്റ് ചെയ്ത തുകയിൽ വിനിയോഗശേഷം 63426/- രൂപ ചെക്ക് നം.348426/29.6.16 പ്രകാരവും കോസ്റ്റ് ഫോർഡിന് 2006-07 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 400000/- രൂപയിൽ 200000/- രൂപ ചെക്ക് നമ്പർ 756105/21.04.16 പ്രകാരവും ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടുണ്ട്. ആയത് ഏതു ഫണ്ടിൽ നിന്നാണോ സ്ഥാപനത്തിന് അനുവദിച്ചതെന്ന് പരിശോധനാവിധേയമാക്കി തുക അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 2016-17 ൽ പഞ്ചായത്ത് 89 ലക്ഷത്തോളം രൂപ ലാപ്സാക്കി

2016-17 വർഷത്തിൽ വരവൂർ ഗ്രാമപഞ്ചായത്തിന് വികസനഫണ്ട്, സംരക്ഷണഗ്രാന്റ് എന്നീ ഇനങ്ങളിൽ സർക്കാരിൽ നിന്നും ലഭിച്ച അലോട്ട്മെന്റിന്റേയും പഞ്ചായത്ത് തൻവർഷം ചെലവഴിച്ച തുകയുടേയും ലാപ്സായ തുകയുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വികസന പ്രവർത്തനങ്ങൾക്കുതകുമായിരുന്ന 89 ലക്ഷം രൂപയോളമാണ് തൻവർഷം ലാപ്സാക്കി

കളഞ്ഞത്. ലോകബാങ്ക് ധനസഹായം(കേന്ദ്രം), വികസനഫണ്ട്(എസ്.സി.പി) എന്നിവയുടെ ഫണ്ട് വിനിയോഗം കുറവാണ്. നിബന്ധനകൾക്ക് വിധേയമായിമാത്രമേ സ്പിൽ ഓവർ പ്രവൃത്തികൾക്ക് സർക്കാർ 2017-18 വർഷത്തിൽ വിഹിതം അനുവദിക്കുകയുമുള്ളൂ. മാത്രമല്ല വികസനപ്രവർത്തനങ്ങൾക്ക് കാലതാമസവും സംഭവിക്കുന്നു. സമയബന്ധിതമായി ഫണ്ട് ചെലവഴിക്കുന്നതിന് പഞ്ചായത്ത് കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് ഇക്കാര്യം വ്യക്തമാക്കുന്നു.

| ഫണ്ട് | അലോട്ട്മെന്റ് | ചെലവഴിച്ച തുക₹ | ലാപ്സായ തുക₹ | വിനിയോഗ ശതമാനം |
|---|---|---|---|---|
| പൊതുവിഭാഗം വികസനഫണ്ട് | 9093142 | 8369819 | 723323 | 92 |
| വികസനഫണ്ട് എസ്.സി.പി. | 6936207 | 3600672 | 3335535 | 52 |
| ധനകാര്യകമ്മീഷൻ അവാർഡ് | 5099373 | 4058083 | 1041290 | 80 |
| ലോകബാങ്ക് ധനസഹായം (കേന്ദ്രം) | 1974678 | 1464878 | 509800 | 74 |
| ലോകബാങ്ക് ധനസഹായം (സംസ്ഥാനം) | 701892 | - | 701892 | 0 |
| റോഡിതര സംരക്ഷണഗ്രാന്റ് | 2554755 | 2410363 | 144392 | 94 |
| റോഡ് സംരക്ഷണഗ്രാന്റ് | 11020680 | 8529097 | 2491583 | 77 |
| വികസനഫണ്ട് ടി.എസ്.പി. | 2241 | 2241 | - | പട്ടികവർഗ്ഗക്കാർ ഇല്ലാത്തതിനാൽ തിരിച്ചടച്ചു |
| ആകെ | 37382968 | 28435153 | 8947815 | |

## 3-10 ഫണ്ട് ട്രാൻസ്ഫർ-യഥാർത്ഥ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക കൈമാറിയതിന്റെ രേഖകളില്ല

തൻവർഷം കരാറുകാർക്കായാലും കെട്ടിടതൊഴിലാളി ക്ഷേമനിധിവിഹിതമായാലും ഗുണഭോക്താക്കൾക്കായാലും മറ്റ് പണമിടപാടുകളായാലും ട്രഷറി ബില്ലുകൾ മാറുന്ന സമയത്ത് അർഹമായ തുക അവരവരുടെ അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്യുന്ന രീതിയാണ് അനുവർത്തിച്ച് വരുന്നത്. എന്നാൽ ഇപ്രകാരം ചെയ്യുമ്പോൾ അർഹരായവരുടെ അക്കൗണ്ടിലേക്ക് തുക കൈമാറിയെന്ന് ഉറപ്പാക്കുന്ന യാതൊരു രേഖയും ഫയലിൽ സൂക്ഷിക്കുന്നില്ല. ട്രഷറിയിൽ നിന്നും തുക യഥാർത്ഥ അക്കൗണ്ടുകളിലേക്ക് കൈമാറ്റം നടത്തിയെന്ന് ഉറപ്പാക്കുന്നതിനാവശ്യമായ രേഖകൾ ട്രഷറിയിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

## 3-11 സംയുക്ത പ്രൊജക്ടിന് ലഭിച്ചതിൽ ബാക്കിയുള്ള തുക തിരിച്ചടച്ചില്ല

ജി.ഒ.(പി) നം.07/2017/ഫിൻ തിയതി 23.1.17 ലെ ഖണ്ഡിക VI പ്രകാരം നിർവ്വഹണം നടത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31 ന് സ്പെഷ്യൽ ടി.എസ്.ബി.അക്കൗണ്ടിൽ ബാക്കി നിൽക്കുന്ന തുക ട്രഷറി കണക്കുകളുമായി ഒത്തുനോക്കേണ്ടതും പണമാക്കാത്ത ചെക്കുകളുടെ തുക നിലനിർത്തി ബാക്കി തുക സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതുമാണ്. എന്നാൽ വരവൂർ

ഗ്രാമപഞ്ചായത്തിന്റെ സെക്രട്ടറിയുടെ പേരിലുള്ള സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ 177360 രൂപ ഇപ്പോഴും അവശേഷിക്കുന്നു. ഉത്തരവിൽ പറയും പ്രകാരം തുക തിരിച്ചടക്കാനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-12 ഇടപാടുകളില്ലാത്ത അക്കൗണ്ടുകളിൽ തുക ബാക്കി നിൽക്കുന്നു

വാർഷിക ധനകാര്യപത്രികയുടെ ഷെഡ്യൂൾ B-17 പ്രകാരം നീക്കിയിരുപ്പുള്ളതായി കാണിച്ചിരിക്കുന്ന താഴെ പറയുന്ന അക്കൗണ്ടുകൾ ഇടപാടുകളില്ലാത്തതാണ്.

| ബാങ്ക് | അക്കൗണ്ട് നമ്പർ | നീക്കിയിരിപ്പ് | കുറിപ്പുകൾ |
|---|---|---|---|
| എസ്.ബി.ടി. (ജലനിധി) | 57065457131 | 1086136 | പാസ്സ് ബുക്ക് പ്രകാരം അവസാനമായി ഇടപാട് നടന്നിരിക്കുന്നത് 31.10.2008 നാണ്. അതിനു ശേഷം പലിശയിനത്തിൽ മാത്രമാണ് വരവുള്ളത്. |
| എസ്.ബി.ടി. (സ്വാഭിമാൻ) | 57065446516 | 83731 | പാസ്സ് ബുക്ക് പ്രകാരം അവസാനമായി ഇടപാട് നടന്നിരിക്കുന്നത് 2000-2001 കാലയളവിലാണ്.അതിനു ശേഷം പലിശയിനത്തിൽ മാത്രമാണ് വരവുള്ളത്. |
| എസ്.ബി.ടി. (എസ്.എസ്.എ.) | 67146135934 | 23302 | പാസ്സ് ബുക്ക് പ്രകാരം അവസാനമായി ഇടപാട് നടന്നിരിക്കുന്നത് 14.3.2013 നാണ്. അതിനു ശേഷം പലിശയിനത്തിൽ മാത്രമാണ് വരവുള്ളത്. |
| എസ്.ബി.ടി. (സാക്ഷരത) | 57065446606 | 28950 | പാസ്സ് ബുക്ക് പ്രകാരം അവസാനമായി ഇടപാട് നടന്നിരിക്കുന്നത് 1.2.2012 നാണ്. അതിനു ശേഷം പലിശയിനത്തിൽ മാത്രമാണ് വരവുള്ളത്. |

ഈ അക്കൗണ്ടുകൾ നിലനിർത്തേണ്ടതിന്റെ ആവശ്യകത പരിശോധിക്കേണ്ടതും ആവശ്യമില്ലാത്തപക്ഷം അവശേഷിക്കുന്ന തുക ഉറവിടത്തിലേക്ക് തിരിച്ചടച്ച് അക്കൗണ്ടുകൾ അവസാനിപ്പിക്കേണ്ടതുമാണ്.

# 3-13 പൊതുമരാമത്ത് മേഖല- വകയിരുത്തിയ ഫണ്ട് പൂർണ്ണമായി

## വിനിയോഗിക്കാനായില്ല

പൊതുമരാമത്ത് മേഖലയിൽ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ, വകയിരുത്തിയ തുക, നടപ്പാക്കിയ പ്രൊജക്ടുകൾ, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | അംഗീകാരം ലഭിച്ചത്/വകയിരുത്തിയത് ₹ | നടപ്പാക്കിയത് /ചെലവഴിച്ചത് ₹ | നടപ്പാക്കിയതിന്റെ ശതമാനം |
|---|---|---|---|
| പ്രൊജക്ടുകൾ | 71 | 50 | 70.42 |
| തുക | 26298364 | 16145088 | 61.39 |

അംഗീകാരം കിട്ടിയ പ്രൊജക്ടുകളിൽ 70% പ്രൊജക്ടുകളിലാണ് തൻവർഷം തുക ചെലവഴിക്കാനായത്. വകയിരുത്തിയ തുകയുടെ 61% തുകയാണ് ചെലവഴിച്ചിട്ടുള്ളത്. ലഭ്യമായ ഫണ്ട് ഉപയോഗിക്കാതിരിക്കുന്നത് മൂലം പൊതുജനങ്ങൾക്ക് വികസനം നിഷേധിക്കുകയോ വികസനത്തിന് കാലതാമസം വരികയോ ചെയ്യുന്നു. ഫണ്ട് പൂർണ്ണമായും വിനിയോഗിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-14 ഒരു പ്രൊജക്ടിലെ നിർവ്വഹിക്കാത്ത ഇനങ്ങൾക്കായി പുതിയ പ്രൊജക്ട് തയ്യാറാക്കി

12 ാം പദ്ധതിയുടെ 2016-17 വർഷത്തേക്ക് ബാധകമായ ആസൂത്രണ-സബ്സിഡി മാർഗ്ഗരേഖയായ സ.ഉ.(എം.എസ്).നം. 4/2016/ തസ്വഭവ / തിയതി.11.1.16 ലെ ഖണ്ഡിക 6.15(XI) (ഡി) പ്രകാരം നിർമ്മാണപ്രവൃത്തി പ്രൊജക്ടുകളുടെ കാര്യത്തിൽ ഒരു പ്രൊജക്ടിന്റെ സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റിൽ പറഞ്ഞിട്ടുള്ള വിവിധ ഇനം പ്രവൃത്തികൾ പൂർത്തീകരിക്കാതെ അതിൽ അവശേഷിക്കുന്ന പ്രവൃത്തികൾ ചെയ്യുന്നതിനായി പുതിയ പ്രോജക്ടുകൾ തയ്യാറാക്കാവുന്നതല്ല. അവശേഷിക്കുന്ന പ്രവൃത്തികൾ ചെയ്യേണ്ടതാണെങ്കിൽ പ്രസ്തുത പ്രൊജക്ട് നിർബന്ധമായും സ്പിൽഓവർ പ്രൊജക്ടായി പദ്ധതിയിൽ ഉൾപ്പെടുത്തി അവശേഷിക്കുന്ന പ്രവൃത്തികൾ ചെയ്യുകയാണ് വേണ്ടത്.

എന്നാൽ ഈ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി കോട്ടക്കുന്ന് കുടിവെള്ളപദ്ധതി എന്ന 72/16ാം നമ്പർ പ്രൊജക്ടിലെ മുഴുവൻ ഇനങ്ങളും നിർവ്വഹിക്കാതെ അവസാനിപ്പിക്കുകയും ബാക്കിയുള്ള ഇനങ്ങൾ നിർവ്വഹിക്കുന്നതിനായി 135/17 ാം നമ്പറിൽ ഇതേ പേരിൽ തന്നെ മറ്റൊരു പ്രൊജക്ട് തയ്യാറാക്കുകയും നിർവ്വഹിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നം/പേര് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | നിർവ്വഹിക്കാത്ത ഇനങ്ങൾ |
|---|---|---|---|
| 72/16;കോട്ടക്കുന്ന് കുടിവെള്ളപദ്ധതി | 300000 | 299235 | ബോർവെൽ നിർമ്മിക്കലും പമ്പ് സെറ്റ് സ്ഥാപിക്കലും മാത്രമാണ് ഈ പ്രൊജക്ടിൽ ചെയ്തത് . പമ്പ് ഹൗസ് നിർമ്മാണം, പമ്പിങ്ങിനും വിതരണത്തിനും പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്നിവ ചെയ്തിട്ടില്ല. |

| | | | |
|---|---|---|---|
| 135/17;കോട്ടക്കുന്ന് കുടിവെള്ളപദ്ധതി | 160000 | 107038 | പമ്പ് ഹൗസ് നിർമ്മാണം, പമ്പിങ്ങിനും വിതരണത്തിനും പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്നിവയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പാർട്ട് ബിൽ മാത്രമേ നൽകിയിട്ടുള്ളൂ. പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ട്. പമ്പ് ഹൗസ് സ്ഥാപിച്ചിട്ടില്ല. പൊതുമരാമത്ത് റോഡരുകിൽ പമ്പ് ഹൗസ് സ്ഥാപിക്കുന്നതിന് വകുപ്പിന്റെ അനുമതി ലഭ്യമായിട്ടില്ല |

മേൽ പരാമർശത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.24/30.8.2017 ന് മറുപടി ലഭ്യമായില്ല. ഈ സാഹചര്യത്തിൽ 107038 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-15 എസ്റ്റിമേറ്റ് പോലും ലഭിക്കാതെ ഭൂജലവകുപ്പിൽ തുക നിക്ഷേപിച്ചു

നിർവ്വഹണഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

2016-17 വർഷത്തേക്ക് ബാധകമായ 12 ാം പദ്ധതിയുടെ ആസൂത്രണ-സബ്സിഡി മാർഗ്ഗരേഖയായ സ.ഉ.(എം.എസ്).നം. 4/2016/ തസ്വഭവ / തിയതി.11.1.16 ലെ ഖണ്ഡിക 6.15(X) (ബി) &(സി) പ്രകാരം ഒരു നിർമ്മാണപ്രവൃത്തിക്കായി കേരള വാട്ടർ അതോറിറ്റി, സംസ്ഥാന വൈദ്യുതി ബോർഡ്, ഭൂജലവകുപ്പ് എന്നീ സ്ഥാപനങ്ങൾക്ക് മുൻകൂർ ആയി തുക നൽകണമെങ്കിൽ പ്രസ്തുത പ്രവൃത്തിക്കുള്ള എസ്റ്റിമേറ്റ് മേൽ സ്ഥാപനങ്ങൾ തന്നെ തയ്യാറാക്കി സാങ്കേതികാനുമതി നൽകിയശേഷം തദ്ദേശസ്വയംഭരണസ്ഥാപനത്തിന് നൽകേണ്ടതും അതു പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനം പ്രൊജക്ട് തയ്യാറാക്കേണ്ടതുമാണ്. പ്രൊജക്ടിന് അംഗീകാരം ലഭിച്ചു കഴിഞ്ഞാൽ കേരള വാട്ടർ അതോറിറ്റി, സംസ്ഥാന വൈദ്യുതി ബോർഡ്, ഭൂജലവകുപ്പ് തുടങ്ങിയ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടശേഷം മാത്രമേ മുൻകൂർ നൽകാവൂ. എന്നാൽ ഈ നിബന്ധനകൾ പാലിക്കാതെയാണ് തൻവർഷം പ്രവൃത്തികൾക്കായി നിർവ്വഹണഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റിയിൽ തുക മുൻകൂർ ആയി നിക്ഷേപിച്ചത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നം/ | നിക്ഷേപിച്ച | അപാകതകൾ |
|---|---|---|

| പേര് | തുക₹ | |
|---|---|---|
| 72/17;പുറശ്ശേരി വാട്ടർടാങ്ക് നിർമ്മാണം | ട്ര.ബി.നം. 25/23.3.17;250000<br>(വികസനഫണ്ട് (എസ്.സി.പി)) | എസ്റ്റിമേറ്റ് ലഭ്യമായിട്ടില്ല. സാങ്കേതികാനുമതി ലഭ്യമായിട്ടില്ല. വാട്ടർ അതോറിറ്റിയുമായി കരാറിലേർപ്പെട്ടിട്ടില്ല. വാട്ടർ അതോറിറ്റിയിൽ നിന്നും കൈപ്പറ്റരശീതി ഹാജരാക്കിയിട്ടില്ല. നാളിതുവരെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. |

സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കാതെ നടത്തിയ 250000 യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-16 എ.ബി.സി പദ്ധതി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

പ്രൊജക്ട് : എ.ബി.സി പദ്ധതി

പ്രൊജക്ട് നം: 38/2016-17

ബിൽ നം /തിയ്യതി: 520/250174 2016-17,22.02.2017

ബിൽ തുക:75000

വരവൂർ ഗ്രാമ പഞ്ചായത്തിന്റെ സെക്രട്ടറി നിർവഹണം നടത്തിയ എ.ബി.സി പദ്ധതിക്കായി മേൽ സൂചിപ്പിച്ച ബിൽ പ്രകാരം 75000/- പിൻവലിച്ചിട്ടുണ്ട്. പേ വിഷ നിയന്ത്രണ പദ്ധതി സമഗ്ര പ്രജനന നിയന്ത്രണം -പേ വിഷബാധ പ്രതിരോധ കുത്തിവെയ്പ്പിനായി (എ.ബി.സി.പ്രോഗ്രാം) ട്രഷറി ബിൽ പ്രകാരം പിൻവലിച്ച് ജില്ലാ പഞ്ചായത്തിന് വിഹിതം നൽകുന്നതിനായി SPL TSP(Joint venture), സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, തൃശ്ശൂരിലേക്ക് അടവാക്കിയിട്ടുണ്ട്. ആയതിന്റെ കൈപ്പറ്റ് വിവരം, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതു ലഭ്യമാക്കുന്നതുവരെ 75000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-17 സേവനനികുതി അടവാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

താഴെ പറയുന്ന മരാമത്ത് പ്രവൃത്തിയിൽ കരാറുകാരന് സേവനനികുതി നൽകിയിട്ടുണ്ട്. എന്നാൽ കരാറുകാരൻ സേവനനികുതി അടവാക്കിയതിന്റെ ചലാൻ ഹാജരാക്കിയില്ല.

| പ്രവൃത്തിയുടെ പേര് | ചെലവഴിച്ച തുക | കരാറുകാരൻ | കരാറുകാരന് സേവനനികുതിയിനത്തിൽ നൽകിയ തുക₹ |
|---|---|---|---|
| എൽ.പി.സ്കൂൾ പുതിയ | ട്ര.ബി.നം. 40/30.3.17; | ടി.എ.മുഹമ്മദ് | 17978 |

| | | | |
|---|---|---|---|
| ക്ലാസ്സ് റൂം | 317602 | | |

ശ്രീ.ടി.എ.മുഹമ്മദ് സേവനനികുതി അടവാക്കിയതിന്റെ ചലാൻ ഹാജരാക്കേണ്ടതാണ്. അതുവരെ 17978 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-18 ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ-അംഗീകാരം ലഭ്യമാക്കേണ്ടതാണ്.

6.4.13 സ.ഉ.(കൈ)നം.144/2013/ത.സ്വ.ഭ.വ നിർദ്ദേശപ്രകാരം ഗ്രാമപഞ്ചായത്തുകളിൽ ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. ആയതു പ്രകാരം 6.5.15 ൽ വരവൂർ ഗ്രാമപഞ്ചായത്തിൽ പേങ്ങാട്ടുശ്ശേരി നാരായണമേനോൻ മെമ്മോറിയൽ ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനമാരംഭിച്ചു. എന്നാൽ സർക്കാർ നിർദ്ദേശപ്രകാരം 6 മാസത്തിനകം സ്ഥാപനത്തിന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടറിൽ നിന്നുള്ള അംഗീകാരം വാങ്ങണമെന്ന നിബന്ധന നാളിതുവരെ പാലിച്ചിട്ടില്ല. അംഗീകാരം വാങ്ങുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിക്കേണ്ടതാണ്.

## 3-19 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

വരവൂർ ഗ്രാമ പഞ്ചായത്തിൽ 2016-17 വർഷത്തിൽ നടപ്പിലാക്കിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | 2016-17 വർഷത്തെ മൊത്തം അടങ്കൽ | 118776800 |
| 2 | 2016-17 വർഷത്തെ മുൻ ബാക്കി | 6325 |
| 3 | 2016-17 വർഷത്തെ ആകെ വരവ് | 28343000 |
| 4 | 2016-17 വർഷത്തെ ആകെ ചെലവ് | 28340966 |
| 5 | 2016-17 വർഷത്തെ വർഷാന്ത്യ നീക്കിയിരിയിപ്പ് | 34836 |
| 6 | 2016-17 വർഷത്തിൽ വിഭാവനം ചെയ്തപദ്ധതികളുടെ എണ്ണം | 231 |
| 7 | 2016-17 വർഷത്തിൽ പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | 192 |
| 8 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വിതരണം ചെയ്ത തൊഴിൽ കാർഡുകളുടെ എണ്ണം | 2722 |
| 9 | 2016-17 വർഷത്തിൽ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ | 67006 |
| 10 | 2016-17 വർഷത്തിൽ തൊഴിൽ ലഭ്യമായ കുടുംബങ്ങളുടെ എണ്ണം | 1482 |
| 11 | 2016-17 വർഷത്തിൽ 100തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയ കുടുംബങ്ങളുടെ എണ്ണം | 15 |
| 12 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2016-17 വർഷത്തിൽ വിതരണം ചെയ്ത വേതനം | 22234866 |

| | | |
|---|---|---|
| 13 | 2016-17 വർഷത്തിൽ പൂർത്തിയാക്കിയ സ്ഥിര ആസ്തികൾ സംബന്ധിച്ച വിശദ വിവരം | 1ഫാം പോണ്ട്<br>42കിണർ<br>17 റോഡ് |

പദ്ധതികൾ സംബന്ധിച്ച വിശാദാംശം

| ക്രമ നം | പദ്ധതികൾ ഉൾപ്പെടുന്ന വിഭാഗം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | മണ്ണ് , ജല സംരക്ഷണം | 11 | 1056000 |
| 2 | വരൾച്ച തടയൽ , വനവത്കരണം | 12 | 356000 |
| 3 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 29 | 3921534 |
| 4 | വെള്ളപ്പൊക്കനിയന്ത്രണ നിവാരണ പ്രവർത്തനങ്ങൾ | 2015-16 ൽ ചെയ്ത വർക്ക്,പോയ്മെന്റ് 2016-17 ൽ നടന്ന | 1804000 |
| 5 | ഭൂവികസനം | 51 | 112905000 |
| 6 | മറ്റുള്ളവ<br>റൂറൽ കണക്ടിവിറ്റി<br>IHHL<br>അംഗണവാടി | 104<br>19<br>3<br>2 | 1732000<br>5017000<br>15000<br>262432 |
| | ആകെ | 231 | 27068966 |

# 3-20 ആശ്രയ-അവലോകനം

ആശ്രയ പദ്ധതി 2016-17 സംബന്ധിച്ച് വരവൂർ ഗ്രാമ പഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങൾ താഴെചേർക്കുന്നു

| ക്രമ നം | ഇനം | ജനറൽ | | പട്ടിക വർഗ്ഗം | |
|---|---|---|---|---|---|
| | | 1st പ്രോജക്ട് | 2nd പ്രോജക്ട് | 1st പ്രോജക്ട് | 2nd |
| 1 | ആശ്രയ പദ്ധതി സർവേ പ്രകാരം ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള ആശ്രയ കുടുംബങ്ങൾ | | 91 | | |

| | | | | | |
|---|---|---|---|---|---|
| 2 | പദ്ധതി പ്രകാരം ആകെ ഗുണഭോക്താക്കൾ | | 132 | | |
| 3 | പദ്ധതി പ്രകാരം വീടുവെയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | | 3 | | |
| 4 | നാളിതുവരെ ലഭിച്ചവർ | | - | | |
| 5 | പദ്ധതി പ്രകാരം വീട് ആവശ്യമുള്ളവർ | | 13 | | |
| 6 | നാളിതുവരെ ലഭിച്ചവർ | | 7 | | |
| 7 | പദ്ധതി പ്രകാരം വീട് റിപ്പയർ ആവശ്യമുള്ളവർ | | - | | |
| 8 | നാളിതുവരെ ലഭിച്ചവർ | | - | | |
| 9 | പദ്ധതി പ്രകാരം കക്കൂസ് ആവശ്യമുള്ളവർ | | 4 | | |
| 10 | നാളിതുവരെ ലഭിച്ചവർ | | - | | |
| 11 | പദ്ധതി പ്രകാരം കുടിവെള്ള സൗകര്യം ആവശ്യമുള്ളവർ | | 53 | | |
| 12 | നാളിതുവരെ ലഭിച്ചവർ | | - | | |
| 13 | പദ്ധതി പ്രകാരം വീട് വൈദ്യുതീകരണം ആവശ്യമുള്ളവർ | | - | | |
| 14 | നാളിതുവരെ ലഭിച്ചവർ | | - | | |
| 15 | ഗ്രാമ പഞ്ചായത്ത് പരിധിയിൽ ആശ്രയ പദ്ധതി പ്രകാരം ഭക്ഷണം,മരുന്ന് തുടങ്ങിയ അത്യാവശ്യ സഹായം ആവശ്യമുള്ള കുടുംബങ്ങൾ / വ്യക്തികൾ | | 91 | | |
| 16 | ഗ്രാമ പഞ്ചായത്ത് പരിധിയിൽ ആശ്രയ പദ്ധതി പ്രകാരം ചലഞ്ച് ഫണ്ട് ഉപയോഗപ്പെടുത്തി ഭക്ഷണം,മരുന്ന് തുടങ്ങിയ | | 91 | | |

| | | | | | |
|---|---|---|---|---|---|
| | അത്യാവശ്യ സഹായം നല്കുന്ന കുടുംബങ്ങൾ / വ്യക്തികൾ | | | | |
| 17 | ആശ്രയ പദ്ധതി പ്രകാരം നാളിതുവരെ വരവ് | പ്ലാൻ ഫണ്ട് | 1700000(2016-17-50000) | | |
| | | ചലഞ്ച് ഫണ്ട് | 1052666(2016-17-nil) | | |
| 18 | ആശ്രയ പദ്ധതി പ്രകാരം ചെലവ് | പ്ലാൻ ഫണ്ട് | 1500000(2016-17-500000) | | |
| | | ചലഞ്ച് ഫണ്ട് | 566296<br>(2016-17-147694) | | |
| 19 | നീക്കിയിരിപ്പ് | പ്ലാൻ ഫണ്ട് | 340000(2016-17-4600000) | | |
| | | ചലഞ്ച് ഫണ്ട് | 653037<br>(2016-17-26781) | | |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 16-17 | 555000 | നെൽകൃഷി വികസനം | 377640 | 177360 |
| ബ്ലോക്ക് പഞ്ചായത്ത് വടക്കാഞ്ചേരി | 16-17 | 190000 | ക്ഷീര വികസനം | 190000 | 0 |
| -do- | 15-16 | 255000 | ക്ഷീരവികസനം | 0 | 255000 |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം | നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള | വൗച്ചർ നം |
|---|---|---|---|---|---|---|

| | | | തുക | | തുക | |
|---|---|---|---|---|---|---|
| 1 | കേരള വാട്ടർ അതോറിറ്റി | പുറശ്ശേരി കുടിവെള്ള പദ്ധതി | 150000 | 0 | 150000 | ലഭ്യമല്ല |
| 2 | കേരള വാട്ടർ അതോറിറ്റി | -d0- | 700000 | 0 | 700000 | “ |
| 3 | കോസ്റ്റ് ഫോർഡ് | വ്യവസായ കെട്ടിടം | 400000 | 200000 | 200000 | “ |
| 4 | കോസ്റ്റ് ഫോർഡ് | തെരുവ് വിളക്ക് മീറ്റർ സ്ഥാപിക്കൽ | 221109 | 40099 | 181010 | “ |
| 5 | ഗ്രൗണ്ട് വാട്ടർ വകുപ്പ് | കുടിവെള്ള പദ്ധതി(എസ്.സ്)<br>116/17 | 180000 | - | 180000 | ബിൽ നം 3/21.12.2016 |
| 6 | -do- | കുടിവെള്ള പദ്ധതി(ജനറൽ)<br>115/17 | 1,20,000 | - | 1,20,000 | ബിൽ നം 4/21.12.2016 |
| 7 | കേരള വാട്ടർ അതോറിറ്റി | പുറശ്ശേരി വാട്ടർ ടാങ്ക് നിർമ്മാണം<br>72/17 | 2,50,000 | - | 2,50,000 | ബിൽ നം 25/23.3.2017 |
| ആകെ | | | 2021109 | 240099 | 1781010 | |

ക്രമ നം 5 മുതൽ 7 വരെയുള്ള ഡെപ്പോസിറ്റ് പ്രവൃത്തികൾ 2016-17ൽ നൽകിയതും തൻവർഷം വിനിയോഗിച്ചിട്ടില്ലാത്തതും കൈപ്പറ്റു രസീതി ലഭിച്ചിട്ടില്ലാത്തതുമാണ്. വാർഷിക ധനകാര്യപത്രികയിൽ ക്രമ നം1 മുതൽ 4 വരെയുള്ള ഡെപ്പോസിറ്റ് വർക്കുകളുടെ വിവരങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6. ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2013-14 | | 2014 | 6.3.1 | പ്രൊക്യൂർമെന്റ് കമ്മിറ്റി,സോഷ്യൽ ഓഡിറ്റ് കമ്മിറ്റി എന്നിവയുടെ പ്രവർത്തനം സംബന്ധിച്ച് | ലഭ്യമല്ല |
| 2013-14 | | 2014 | 6.3.2 | പ്രൊക്യൂർമെന്റ് -സൈക്കിൾ ആദ്യപടി പാലിക്കപ്പെടുന്നില്ല. | ലഭ്യമല്ല |

# 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 46706133 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 42873279 |
| വരവിനങ്ങളിലുള്ള നഷ്ടം | 3417 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 486316 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 1280 | - | എം.എസ്. അംബിക, സെക്രട്ടറി ഇൻചാർജ് |
| 2-5 | 2137 | - | എം.എസ്. അംബിക, സെക്രട്ടറി ഇൻചാർജ് |
| ആകെ | 3417 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക | തുക | ഉത്തരവാദിയായ ആളുടെ പേരും |
|---|---|---|

| നമ്പർ | | ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 36300 | ശ്രീമതി.മേരികുട്ടി അഗസ്റ്റിൻ, എച്ച്.എം.,ജി.എൽ.പി.എസ്, വരവൂർ |
| 3-14 | 107038 | ശ്രീമതി ശ്രീന.സി.എൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-15 | 250000 | ശ്രീമതി ശ്രീന.സി.എൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-16 | 75000 | ശ്രീമതി രാജേശ്വരി.എം, സെക്രട്ടറി |
| 3-17 | 17978 | ശ്രീമതി ശ്രീന.സി.എൻ, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 486316 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ലൈബ്രറി സെസ് ഇനത്തിൽ 103/- രൂപ സംസ്ഥാന ലൈബ്രറി കൗൺസിലിന് നഷ്ടമുണ്ടായി.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| എം.എസ്.അംബിക സെക്രട്ടറി | സെക്രട്ടറി, ദേശമംഗലം ഗ്രാമപഞ്ചായത്ത് | പ്രസന്നാലയം, മുളങ്കുന്നത്ത്കാവ് പി.ഒ ,തൃശ്ശൂർ |

# 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 82-83 | എൽ.എഫ്.ടി.എസ്.2-794/11 |
| 83-84 | എൽ.എഫ്.ടി.എസ്.2-794/11 |
| 84-85 | എൽ.എഫ്.ടി.എസ്.2-794/11 |
| 85-86 | എൽ.എഫ്.ടി.എസ്.2-794/11 |

| | |
|---|---|
| 86-87, 87-88 | എൽ.എഫ്.ടി.എസ്.2-794/11 |
| 88-89, 89-90 | എൽ.എഫ്.ടി.എസ്.2-794/11 |
| 90-91<br>91-92 | എൽ.എഫ്.ടി.എസ്.2-794/11 |
| 92-93, 93-94 | എൽ.എഫ്.ടി.20-13-300-93/ 23.11.93 |
| 96-97 | എൽ.എഫ്.ടി.20- 314-98, 11.08.98 |
| 97-98 | എൽ.എഫ്.ടി.20-10-2000, 20.05.08 |
| 98-99 | എൽ.എഫ്.ടി.20-597-2000, 26.09.2000 |
| 99-2000 | എൽ.എഫ്.ടി.17-1689/02/ 23.01.03 |
| 2000-01 | എൽ.എഫ്.ടി.17-691/04/ 09.12.04 |
| 2000-01, 2001-02 (ജനകീയാസൂത്രണം) | എൽ.എഫ്.ടി.17-1440/03/ 01.03.04 |
| 2001-02 | എൽ.എഫ്.ടി.17-690/04/ 09.12.04 |
| 2002-03 | എൽ.എഫ്.ടി.17-1222/08/ 29.08.09 |
| 2003-04 | എൽ.എഫ്.ടി.17-1047/08/ 29.08.09/13.10.09 |
| 2004-05 | എൽ.എഫ്.ടി.17-66/09/ 25.05.10 |
| 2005-06 | എൽ.എഫ്.ടി.17-320/10/ 17.09.10 |
| 2006-07 | എൽ.എഫ്.ടി.17-321/10/ 17.09.10, 19.10.11 |
| 07-08 മുതൽ 10-11 വരെ | എൽ.എഫ്.ടി.(പി.1)-1661/12/ 05.02.13 |
| 2011-12 | എൽ.എഫ്.ടി.(പി.5)-1723/13/ 05.02.14 |
| 2012-13 | എൽ.എഫ്.ടി.(പി.5)-1922/14/ 16.04.15/04.06.15 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.(പി.5)-191/15/ 18-02-16/14-03-16 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.(പി.5)-1195/16 തീ. 22.07.16/28.07.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.(പി.5)-2207/16 തീ. 16.01.17/21.02.17 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി5)1432/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-680 020
Ph.No. 0487-2331249
e-mail : dotsr.ksad@kerala.gov.in
തിയ്യതി:13.09.2017

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ വരവൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വരവൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ.

No.KSA-TSR(P5)1432/2017

Office of the Joint Director of

Kerala State Audit Department

District Audit Office
Thrissur - 680 020
Ph.No. 0487-2331249
e-mail : dotsr.ksad@kerala.gov.in
Date:13.09.2017

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Varavoor Gramapanchayath in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Varavoor Grama Panchcyath for the year 2016-17, except the observations in my Audit Report properly presents the picture of income and expenditure.

Deputy Director

District Audit Office

Thrissur.